# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5999 — 10.07.2012 ൽ മറുപടിയ്ക്ക്

## വാലുപച്ച-പുത്തൻകട-കുറ്റിമൂട് റോഡിന്റെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | പുളിമാത്ത് പഞ്ചായത്തിൽ ഉൾപ്പെട്ട വാലുപച്ച-പുത്തൻകട-കുറ്റിമൂട് റോഡിൽ നബാർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കി വന്ന നവീകരണ പ്രവൃത്തി നില ച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രവൃത്തി നിലയ്ക്കാനുള്ള കാരണം വിശദമാക്കാമോ; | ബി) | നിശ്ചിത സമയത്തിനുള്ളിൽ കോൺട്രാക്ടർ പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കരാറുകാരന്റെ റിസ്ക് & കോസ്റ്റിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. |
| സി) | ഇതുസംബന്ധിച്ച് കോടതിയിൽ കേസ് നിലവിലുണ്ടോ; | സി) | ഇതു സംബന്ധിച്ച് കേസ് നിലവിലുണ്ട്. |
| ഡി) | ഈ പ്രവൃത്തി ഏറ്റെടുത്ത കരാറു കാരൻ ആരാണ്; പേരും അഡ്രസ്സും വ്യക്തമാക്കാമോ; | ഡി) | ശ്രീ. ടി.വി. തോമസ്, തെക്കേകുടിയിൽ, മൂവാറ്റുപുഴ.പി.ഒ, എറണാകുളം. |
| ഇ) | ഈ പ്രവൃത്തിയുടെ കരാർതുക എത്രയായിരുന്നു; എത്രരൂപ കരാറുകാരൻ കൈപ്പറ്റിയിട്ടുണ്ട്; വ്യക്തമാക്കാമോ; | ഇ) | ഈ പ്രവൃത്തിയുടെ കരാർ തുക 67.17 ലക്ഷം രൂപയാണ്. കരാറുകാരൻ ആകെ 20,90,851 രൂപ കൈപ്പറ്റിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| എഫ്) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ ഇപ്പോൾ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | എഫ്) | നബാർഡ് അവസാനിപ്പിച്ച ടി പ്രവൃത്തി ക്ലോസ് ചെയ്ത് മറ്റ് ഏതെങ്കിലും പദ്ധതിയിൽ ഏറ്റെടുത്തു മാത്രമേ പണി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ആയതിലേക്ക് കോടതിയുടെ തീർപ്പ് വരുന്നതുവരെ സമയം ആവശ്യമായതിനാൽ കേസ് തീർപ്പാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ജി) | ഈ റോഡിന്റെ നവീകരണം അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ? | ജി) | കേസ് തീർപ്പാക്കിയാൽ ടി പ്രവൃത്തി ക്ലോസ് ചെയ്ത് മറ്റേതെങ്കിലും പദ്ധതിയിലോ നബാർഡിന്റെ അടുത്ത ട്രാഞ്ചയിലോ ഉൾപ്പെടുത്തി പണി പൂർത്തീകരിക്കാവുന്നതാണ്. |

Lilly

സെക്ഷൻ ഓഫീസർ